**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 817** **06-12-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ അഴിമതി തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിൽ അഴിമതി നിർമ്മാർജ്ജനത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (എ) | സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ, താലൂക്ക്തല അസിസ്റ്റന്റ് രജിസ്ട്രാർമാർ എന്നിവർ സഹകരണ ബാങ്കുകളിൽ ആകസ്മികവും വിശദവുമായ പരിശോധനകൾ നടത്തുകയും, കൂടാതെ പൊതുജനങ്ങളിൽ നിന്നും സഹകാരികളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ പ്രാഥമിക അന്വേഷണം നടത്തുകയും ക്രമക്കേടുകൾ ബോദ്ധ്യപ്പെടുന്ന പക്ഷം സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള തുടർ അന്വേഷണങ്ങളും പരിശോധനകളും നടത്തുകയും പ്രസ്തുത അന്വേഷണങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികളും വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. കൂടാതെ ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ച് വരുന്നു.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68എ പ്രകാരം രൂപീകരിച്ചിട്ടുള്ള സഹകരണ വിജിലൻസ് സംവിധാനം സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ ഫലപ്രദമായി അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അന്വേഷണ റിപ്പോർട്ടുകളിന്മേലും സഹകരണ സംഘം രജിസ്ട്രാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ വിജിലൻസ് |

സംവിധാനം സമൂലമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

സഹകരണ സംഘങ്ങളിലെ ആഡിറ്റിൽ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം ആഡിറ്റ് സ്പെഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സഹകരണ നിയമപ്രകാരം ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

സഹകരണ ബാങ്കുകളിലെ സ്വർണ്ണപ്പണയ ഉരുപ്പടികളുടെ പരിശോധന കൃത്യമായി നടത്തിവരാറുണ്ട്. യൂണിറ്റ് ഇൻസ്പെക്ടർമാർ, കൺകറന്റ് ആഡിറ്റർമാർ എന്നിവർ പണയ ഉരുപ്പടികളുടെ പരിശോധന സ്വന്തം നിലയിലും അപ്രൈസറുടെ സഹായത്താലും കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. കൂടാതെ ബാങ്ക് ഭരണസമിതിയും സ്വർണ്ണപ്പണയ ഉരുപ്പടികളുടെ ഭൗതിക പരിശോധന നടത്തി വരുന്നുണ്ട്.

സഹകരണ ആഡിറ്റ് സംവിധാനം ഫലപ്രദമായ വിധം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 16/08/2022- ലെ സ.ഉ (അച്ചടി) നം. 144/2022/സഹ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ 16/08/2022- ന് ടീം ആഡിറ്റ് സംവിധാനം ആരംഭിച്ചു. ടീം ആഡിറ്റ് സംവിധാനം മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനായുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

ആഡിറ്റ് MATRIX ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുത്തു. ആഡിറ്റ് MATRIX-ൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം.

വസ്തു ഈടുകളുടെ സാംപിൾ തെരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വസ്തു ജാമ്യത്തിലുള്ള വായ്പ അപേക്ഷയിന്മേൽ ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ